2024
ജൂലൈ

കില
വാർത്താ പത്രിക

ഡോ. ജോയ് ഇളമണിന് ഉജ്വല യാത്രയയപ്പ് 2
ആർ. ഗിരിജാദേവിയ്ക്ക് ഊഷ്മള യാത്രയയപ്പ് 3
ആരോഗ്യഗ്രാമം പരിശീലക പരിശീലനം 4
ബാലസൗഹൃദ ബജറ്റിങ് : പരിശീലക പരിശീലനം 5
ആന്ധ്രപ്രദേശ് സംഘം കില സന്ദർശിച്ചു 6
കില റിസോഴ്സ് സെന്ററുകൾക്ക് തുടക്കം 7

www.kila.ac.in KERALA INSTITUTE OF LOCAL ADMINISTRATION Volume 1, Issue 9 For Private Circulation Only

മാലിന്യമുക്തം നവകേരളം: ശിൽപ്പശാല ശ്രദ്ധേയം

കിലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാലിന്യ മുക്തം നവകേരളം ക്യാംപെയ്ന്റെ ജില്ലാതല പ്രവർത്തക ശിൽപ്പശാല തദ്ദേശ സ്വയംഭരണ-എക്സൈസ് -പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്തു.

ജൂൺ 13-14 തിയ്യതികളിലായി തിരുവനന്തപുരത്തായിരുന്നു ശിൽപ്പശാല സംഘടിപ്പിച്ചത്. എൽഎസ്ജിഡി അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, പ്രിൻസിപ്പൽ ഡയറക്ടർ സാംബശിവ റാവു, സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ്, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, ക്ലീൻ കേരള കമ്പനി എം ഡി ജി. സുരേഷ് കുമാർ, എൽഎസ്ജിഡി ചീഫ് എഞ്ചിനീയർ എസ്. സന്ദീപ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

കിലയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച മാലിന്യ മുക്തം നവകേരളം ക്യാംപെയ്ന്റെ ജില്ലാതല പ്രവർത്തക ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് തദ്ദേശ സ്വയംഭരണ-എക്സൈസ് -പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി.രാജേഷ് സംസാരിക്കുന്നു.

കില ഡയറക്ടർ ജനറലായി എ. നിസാമുദ്ദീൻ ഐഎഎസ് ചുമതലയേറ്റു

കില ഡയറക്ടർ ജനറലായി നിസാമുദ്ദീൻ ഐഎഎസ് ചുമതലയേറ്റെടുത്തപ്പോൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻന്റെ(കില) പുതിയ ഡയറക്ടർ ജനറലായി എ.നിസാമുദ്ദീൻ ഐഎഎസ് സ്ഥാനമേറ്റു.

ജൂലൈ ആറിനാണ് കിലയിലെത്തി അദ്ദേഹം ചുമതലയേറ്റത്.

കിലയിലെത്തിയ അദ്ദേഹത്തിന് പൂച്ചെണ്ടു നൽകി കില ജീവനക്കാർ ഹാർദ്ദവമായി സ്വീകരിച്ചു.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടറായിരിക്കെയാണ് കിലയുടെ അധിക ചുമതല കൂടി എ.നിസാമുദ്ദീൻ ഐഎഎസിന് നൽകി സർക്കാർ ഉത്തരവിറക്കിയത്.

ഡയറക്ടർ ജനറലായിരുന്ന ഡോ. ജോയ് ഇളമൺ സ്ഥാനമൊഴിഞ്ഞതോടെയാണ് പുതിയ ഡയറക്ടർ ജനറൽ ആയി എ. നിസാമുദ്ദീൻ ഐഎഎസ്. കിലയിൽ ചുമതലയേറ്റത്.

തിരുവനന്തപുരം സ്വദേശിയാണ് എ. നിസാമുദ്ദീൻ ഐഎഎസ്.

ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസറായി ദിവ്യ ഡൊമിനിക് ചുമതലയേറ്റു

കില ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറായി ദിവ്യ ഡൊമനിക് ചുമതലയേറ്റു.

അക്കൗണ്ട്സ് ആന്റ് ഫിനാൻസ് ഓഫീസർ ആയിരിക്കെ സ്വമേധയാ വിരമിച്ച ആർ. ഗിരിജാദേവിയുടെ ഒഴിവിലാണ് ദിവ്യ ഡൊമനിക് ജൂലൈ 12ന് ചുമതല ഏറ്റെടുത്തത്.

മികച്ച ചാർട്ടേഡ് അക്കൗണ്ടന്റു കൂടിയായ ദിവ്യ ഡൊമിനിക് തൃശൂർ മുണ്ടത്തിക്കോട് സ്വദേശിനിയാണ്.

ഭർത്താവ്: ടികെ ജിനേഷ്. രണ്ടു മക്കൾ.

കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമണിന് ഉജ്വല യാത്രയയപ്പ്

കില ഡയറക്ടർ ജനറൽ സ്ഥാനത്തു നിന്നും പടിയിറങ്ങിയ ഡോ.ജോയ് ഇളമണ് തൃശൂരിലെ കില ആസ്ഥാനത്ത് നൽകിയ യാത്രയയപ്പ് യോഗത്തിൽ കില ഫിനാൻസ് & അക്കൗണ്ടിങ്സ് ഓഫീസറും ഡെപ്യൂട്ടി ഡയറക്ടറുമായ ആർ.ഗിരിജാദേവി സംസാരിക്കുന്നു.

രണ്ടര പതിറ്റാണ്ടിന്റെ ആത്മബന്ധവുമായി കിലയുടെ ഡയറക്ടർ ജനറൽ സ്ഥാനത്തു നിന്നും പടിയിറങ്ങുന്ന ആധുനീക കിലയുടെ ശിൽപ്പി ഡോ.ജോയ് ഇളമണ് ഊഷ്മളമായ യാത്രയയപ്പു നൽകി കില ജീവനക്കാർ.

തൃശൂരിലെ കില ആസ്ഥാനത്ത് സ്വരാജ് ഓഡിറ്റോറിയത്തിലായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്. കില ഫിനാൻസ് ആന്റ് അക്കൗണ്ടിങ്സ് ഓഫീസറും ഡെപ്യൂട്ടി ഡയറക്ടറുമായ ആർ.ഗിരിജാദേവി അധ്യക്ഷതവഹിച്ച ചടങ്ങിൽ കിലഅസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ. അമൃത കെപിഎൻ സ്വാഗതം പറഞ്ഞു.

കില മീഡിയകോർഡിനേറ്റർ പി.വി. ഷെബി, ഡോ. ജോയ് ഇളമണിന്റെ ഔദ്യോഗികകാലഘട്ടത്തെകുറിച്ചും ഡയറക്ടർ ജനറൽ എന്ന നിലയിൽ അദ്ദേഹംകിലയ്ക്ക് നൽകിയ സംഭാവനകളെയും പരിചയപ്പെടുത്തി. കില അർബൻ ചെയർ പ്രൊഫസർ ഡോ.അജിത് കാളിയത്ത്, കില സീനിയർ അർബൻ ഫെല്ലോ ഡോ.രാജേഷ് കെ, കില മണ്ണൂത്തി ഗുഡ് ഗവേണൻസ് സെന്റർ പ്രിൻസിപ്പൽ ട്രീസ ജോസ്, കില ഫാക്വൽറ്റി ഡോ.ജിബിനി വി കുര്യൻ, ഫാക്വൽറ്റി ഡോ. വിനോദ്. സി, മുൻ ഡെപ്യൂട്ടി ഡയറക്ടർ ഷെഫീഖ് പി.എം, ജീവനക്കാരായ അനിൽ, ബാബു, ജ്യോതി, റിജോയ്,അജീഷ്,കില അസിസ്റ്റന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) കെ.പി. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

മറുപടി പ്രസംഗത്തിൽ കിലയോടൊപ്പമുണ്ടായിരുന്ന നാൾ വഴികളെ അനുസ്മരിച്ച ഡോ. ജോയ് ഇളമൺ ദേശീയ തലത്തിൽ കിലയ്ക്ക് നേടാനായ ശ്രദ്ധേയമായ സ്ഥാനം ഊട്ടിയുറപ്പിക്കാനുള്ള പ്രവർത്തനങ്ങളാണ് തുടർന്നും ഉണ്ടാവേണ്ടതെന്ന് ഓർമ്മിപ്പിച്ചു.

കില ഡയറക്ടർ ജനറൽ സ്ഥാനത്തു നിന്നും പടിയിറങ്ങിയ ഡോ.ജോയ് ഇളമണ് കില ആസ്ഥാനത്ത് ജീവനക്കാർ നൽകിയ ഊഷ്മള യാത്രയയപ്പ്.

രണ്ടരപതിറ്റാണ്ടിന്റെ ആത്മബന്ധവുമായാണ് കില ഡയറക്റ്റർ ജനറലായിരുന്ന ഡോ. ജോയ് ഇളമൺ കിലയിൽ നിന്ന് വിരമിച്ചത്.

കിലയോടൊപ്പമുള്ള ഓരോ ചുവടുകളിലും പ്രതിഫലിപ്പിച്ച വികസനത്തിലൂടെ ആധുനിക കിലയുടെ മുഖമെന്ന് കാലം ഡോ. ജോയ് ഇളമണെ അടയാളപ്പെടുത്തുന്നു.

2000ത്തിൽ കിലയുടെ സഹചാരിയായി എത്തിയതു മുതൽ ഔദ്യോഗിക ജീവിതത്തിലെ രണ്ടരപതിറ്റാണ്ടുകളും കിലയോടൊപ്പമായിരുന്നു അദ്ദേഹം സ അവിടെ നിന്നും അഡ്മിനിസ്ട്രേഷനിലേക്കുമുള്ള ഡോ.ജോയ് ഇളമണിന്റെ വളർച്ചയും കിലയോടൊപ്പമായിരുന്നു. കേരളത്തിലെ വികേന്ദ്രീകരണത്തിനുള്ള ശേഷി വികസന പദ്ധതിയുടെ പ്രൊജക്റ്റ് എക്സിക്യൂട്ടീവ് കോർഡിനേറ്ററായാണ് 2000ത്തിൽ ഡോ. ജോയ് ഇളമൺ കിലയിൽ തുടക്കം കുറിച്ചത്. 2017 മെയ് 19ന് കിലയുടെ ഡയറക്റ്റർജനറലായി അദ്ദേഹം ചുമതലയേറ്റു.

ഏകീകൃത കലണ്ടറിനെ അടിസ്ഥാനപ്പെടുത്തി എല്ലാ പരിശീലനങ്ങളെയും ചിട്ടപ്പെടുത്തി, പരിശീലനത്തിന്റെ ജനകീയവത്കരണത്തിന് അടിത്തറപാകി. കില ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ചുക്കാൻ പിടിച്ചു, അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കിലയിൽ ഇഎംഎസ് മ്യൂസിയം സ്ഥാപിച്ചു,ഓഡിറ്റോറിയം നവീകരിച്ചു,പരിശീലനഹാളുകൾ ആധുനീകവത്കരിച്ചു,ലിഫ്റ്റ്,റാംപ് സംവിധാനങ്ങൾ മെച്ചപ്പെടുത്തി, ഇങ്ങനെ കിലയെ എല്ലാഅർത്ഥത്തിലും പുതിയ കാലത്തോടു ചേർത്തുവയ്ക്കുകയുംചെയ്തു അദ്ദേഹം.

ഡോ.ജോയ് ഇളമൺ ഡയറക്റ്റർ ജനറലായിരിക്കുന്ന കാലത്താണ് അർബൻ പോളിസിയിലെ പരിശീലന കേന്ദ്രത്തിൽ നിന്ന് അർബൻ സെന്ററിലേക്കും, നഗരനയ സെക്രട്ടേറിയറ്റിന്റെ ആസ്ഥാനത്തേക്കും കില വളർന്നത്. അതുപോലെ കിലയുടെ ലോക്കൽ ഗവേണൻസ് സെന്റർ ഓഫ് ക്ലൈമറ്റ് ചേഞ്ച് എൻവിയോൺമെന്റ് & ബയോഡൈവേഴ്സിറ്റി വിഭാഗം ദേശീയതലത്തിലും കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി.

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ മുഖഛായ മാറ്റാനുള്ള ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾക്ക് കില ചുക്കാൻ പിടിയ്ക്കുകയും രാജ്യത്താകെ ഇത്തരം മാറ്റങ്ങൾ വരുത്താനുള്ള, ഐഎസ്ഒ സർട്ടിഫിക്കേഷനുള്ള നോഡൽ ഏജൻസിയായി കില ഇന്ത്യ മുഴുവൻ സഞ്ചരിക്കുകയും ചെയ്തു.

കിലയുടെ തളിപ്പറമ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് സ്റ്റഡീസ് സെന്ററിൽ വിവിധ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ നടത്തി. കേന്ദ്ര സർക്കാരിന്റെ പഞ്ചായത്തിരാജ് മന്ത്രാലയത്തിലെ കാര്യശേഷി വികസനത്തിന്റെ വിദഗ്ധ പാനൽ അംഗവുമാണ് അദ്ദേഹം. സോളാർപ്ലാന്റുകൾ,വിവിധ സ്പോർട്സ് ഇനങ്ങൾക്കു സൗകര്യമുള്ള കില ഗ്രൗണ്ട് വികസനം, ഗാർഡൻ-പച്ചത്തുരുത്തുകൾ, ഭിന്നശേഷി സൗഹൃദ ക്യാംപസ്, ജീവനക്കാരുടെ ക്ഷേമം, കില കിഫ് ബിസ്കൂളുകളുടെ നവീകരണം, ആസ്ഥാനത്തു മാത്രം ഒതുങ്ങാതെ കില അനുബന്ധ ക്യാംപസുകളുടെ വികസനവും ആധുനീക വത്കരണവും, കിലയുടെസ്വന്തം വാർത്താചാനൽ-വാർത്താപത്രിക തുടങ്ങി കിലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് ശ്രദ്ധേയമാണ്.

സജിതയാണ് ഡോ.ജോയ് ഇളമൺന്റെ പത്നി, മൂത്തമകൻ സ്വരൂപ് കാനഡയിലാണ്, മരുമകൾ ദർശന അവിടെ പിഎച്ച്ഡി ചെയ്തു വരുന്നു. എസ്എഫ്ഐയുടെ ഡൽഹി സംസ്ഥാനആക്റ്റിങ് സെക്രട്ടറിയായ സൂരജ് ആണ് ഇളയ മകൻ.

അർബൻ പോളിസി കമ്മീഷൻ ടെക്നിക്കൽ സെക്രട്ടറിയേറ്റ് ഉദ്ഘാടനം ചെയ്തു

കില സെന്റർ ഫോർ അർബൻ ഗവർണൻസിന്റെയും കേരള അർബൻ പോളിസി കമ്മീഷൻ ടെക്നിക്കൽ സെക്രട്ടറിയേറ്റിന്റെയും ഉദ്ഘാടനം കില മുൻ ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ നിർവഹിച്ചു.

തൃശൂരിലെ കില ആസ്ഥാനത്ത് ജൂൺ 15ന് നടന്ന ഉദ്ഘാടന ചടങ്ങിൽ അർബൻ ചെയർ പ്രൊഫസർ ഡോ.അജിത് കാളിയത്ത്, ഗിരിജാദേവി. ആർ (കിലഫിനാൻസ് & അക്കൗണ്ടിംഗ് ഓഫീസർ), കെ.പി. ഉണ്ണികൃഷ്ണൻ (അസിസ്റ്റന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), ഡോ. അമൃത കെ.പി.എൻ (അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) തുടങ്ങിയവരും കില സെന്ററിലെ പ്രൊഫഷണലുകൾ, ഇന്റേണുകൾ, കിലയുടെ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

നഗര കമ്മീഷനു ആവശ്യമുള്ള അക്കാദമിക്, ടെക്നിക്കലുമായ വൈദഗ്ദ്ധ്യം നൽകുകയും അതിന്റെ പ്രവർത്തനങ്ങളെ നഗരഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിക്കലുമാണ് ടെക്നിക്കൽ സെന്ററിന്റെ പ്രവർത്തനം.

തൃശൂരിലെ കില ആസ്ഥാനത്ത് കേരള അർബൻ പോളിസി കമ്മീഷൻ സെക്രട്ടേറിയറ്റ് കില മുൻ ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു. സമീപം കില അർബൻ ചെയർ പ്രൊഫസർ ഡോ.അജിത് കാളിയത്ത്.

ഇതിന്റെ പ്രവർത്തനങ്ങളിലൂടെ കിലയുടെ നഗരഭരണ പഠന കേന്ദ്രത്തിനെ ദേശീയ/അന്തർദേശീയ തലത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമാക്കുക എന്നതാണ് കില സെന്റർ ഫോർ അർബൻ ഗവർണൻസിന്റെയും കേരള അർബൻ പോളിസി കമ്മീഷൻ ടെക്നിക്കൽ സെക്രട്ടറിയേറ്റിന്റെയും ലക്ഷ്യം. അതിന്റെ വിജയത്തിനായുള്ള അക്ഷീണ പ്രവർത്തനത്തിലാണ് കിലയിലെ ഒരു വിഭാഗം ജീവനക്കാർ.

ഫിനാൻസ് ഓഫീസർ ആർ.ഗിരിജാദേവിയ്ക്ക് ഊഷ്മള യാത്രയയപ്പ് നൽകി സഹപ്രവർത്തകർ

കിലയിൽ നിന്നും വിരമിച്ച ഫിനാൻസ് ഓഫീസറും ഡെപ്യൂട്ടി ഡയറക്ടറുമായ ആർ.ഗിരിജാദേവിയ്ക്ക് ഊഷ്മളമായ യാത്രയയപ്പു നൽകി കില ജീവനക്കാർ.

26 വർഷത്തെ നീണ്ട സേവനത്തിന് ശേഷമാണ് ഗിരിജാദേവി കിലയിൽ നിന്നും സ്വമേധയാ വിരമിച്ചത്. കില ആസ്ഥാനത്തു നടന്ന യാത്രയയപ്പു ചടങ്ങിൽ ഉണ്ണികൃഷ്ണൻ കെ.പി (അസിസ്റ്റന്റ് ഡയറക്ടർ -അഡ്മിനിസ്ട്രേഷൻ) സ്വാഗതം പറഞ്ഞു.

ഡോ.അമൃത കെ.പി എൻ(അസിസ്റ്റന്റ് ഡയറക്ടർ-പരിശീലനം) അധ്യക്ഷയായിരുന്നു.

അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ 1998ലായിരുന്നു ഗിരിജാദേവി കിലയിൽ ഔദ്യോഗികജീവിതം തുടങ്ങിയത്. കില ആർജ്ജിച്ച വളർച്ചയുടെ ഓരോ ചുവടുകൾക്കുമൊപ്പം സഞ്ചരിച്ച അനുഭവ പരിചയവുമായാണ് ഗിരിജാദേവി കിലയിൽ നിന്നും പടിയിറങ്ങുന്നത്.

കില ഡെപ്യൂട്ടി ഡയറക്ടറും ഫിനാൻസ് ഓഫീസറുമായിരുന്ന ആർ.ഗിരിജാദേവിയുടെ യാത്രയയപ്പു വേളയിൽ കില അസിസ്റ്റന്റ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ) ഉണ്ണികൃഷ്ണൻ കെ.പി.സംസാരിയ്ക്കുന്നു. കില അസിസ്റ്റന്റ് ഡയറക്ടർ (ട്രെയ്നിങ്) ഡോ. അമൃത കെപിഎൻ, ആർ.ഗിരിജാദേവിയുടെ മകൾ ദേവിക, അമ്മ രാധാമണിയമ്മ, ആർ.ഗിരിജാദേവി, ഭർത്താവ് അശോകൻ, കില അർബൻ ചെയർ പ്രൊഫ.അജിത് കാളിയത് എന്നിവർ സമീപം.

കിലയുടെ നവീകരണം, വിവിധപദ്ധതികൾ, ജീവനക്കാരുടെ ക്ഷേമം തുടങ്ങി വൈവിധ്യമാർന്ന തലങ്ങളിൽ സാമ്പത്തിക മാനേജ്മെന്റ് സംവിധാനത്തിന് കൃത്യമായൊരു അടിത്തറ ഒരുക്കിയതും ഗിരിജാ ദേവിയുടെ നേതൃത്വത്തിലുള്ള സംഘടിതമായ പ്രവർത്തനത്തിലൂടെയായിരുന്നു.

യാത്രയയപ്പു വേളയിൽ ആർ.ഗിരിജാദേവിയുടെ സർവ്വീസ് അനുഭവങ്ങളെകുറിച്ചുള്ള കൈപ്പുസ്തകം കില അർബൻ ചെയർ പ്രൊഫ. ഡോ. അജിത് കാളിയത്ത് പുതിയ ഫിനാൻസ് ഓഫീസർ ദിവ്യഡൊമനിക്കിന് നൽകി പ്രകാശനം ചെയ്തു.

കില സിസ്റ്റം അഡ്മിനിസ്ട്രേറ്റർ മിറാഷ് ഒ.എസ്,കില സീനിയർ അർബൻ ഫെല്ലോ ഡോ.കെ രാജേഷ്, ഡോ.അജിത് കാളിയത്ത്, മണ്ണുത്തിയിലെ കില ഗുഡ് ഗവേണൻസ് പ്രിൻസിപ്പൽ ട്രീസജോസ്, എഞ്ചിനീയറായ സുകുമാരൻ, കില ജീവനക്കാരായ രാമനാഥൻ .എച്ച്, ബാബു വി.ആർ, ജയൻ ഇകെ, നിനി, റിസ്മിയ, റിജോയ്, തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

ആർ.ഗിരിജാദേവിയുടെ അമ്മ രാധാമണിഅമ്മ, ഭർത്താവ് അശോകൻ സി. കെ (റിട്ട.മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്), മകൾ ദേവിക സി.എ, സഹോദരൻ സുരേഷ് ബാബു തുടങ്ങിയവരും മറ്റു ബന്ധുക്കളും കില ജീവനക്കാരും യാത്രയയപ്പു ചടങ്ങിൽ സംബന്ധിച്ചു.

കില മീഡിയ കോർഡിനേറ്റർ പി.വി.ഷെബി നന്ദിയും പറഞ്ഞു.

ആരോഗ്യഗ്രാമം പരിശീലക പരിശീലനം സംഘടിപ്പിച്ചു

വിവിധ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകൾക്കായി കില ആസ്ഥാനത്ത് ആരോഗ്യഗ്രാമം പരിശീലനങ്ങൾ സംഘടിപ്പിച്ചു. ജൂൺ 20-21 തിയ്യതികളിൽ നടന്ന പരിശീലനം കില മുൻ ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു.

സ്വരാജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിശീലനത്തിൽ തൃശൂർ, കാസർകോഡ്, പാലക്കാട് ജില്ലകളിലെ ബ്ലോക്കുകളിൽ നിന്നുള്ള പ്രതിനിധികളായിരുന്നു പങ്കെടുത്തത്.

ആരോഗ്യഗ്രാമം എന്ന വിഷയത്തിൽ കില റിസോഴ്സ് പെഴ്സൺ സിബി അഗസ്റ്റിൻ, പഞ്ചായത്ത് വികസനസൂചിക യദുകൃഷ്ണ ആർ.എസ്, അനുറോയ്, റിസോഴ്സ് പെഴ്സൺമാരായ വി.വി. ദിനേശ്, സുരേഷ് ബാബു, അരുൺകുമാർ കെ തുടങ്ങിയവർ വിവിധസെഷനുകളിൽ ക്ലാസുകൾ എടുത്തു.

മലപ്പുറം, എറണാകുളം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കായി സംഘടിപ്പിച്ച പരിശീലനം ജൂൺ 24-25 തിയ്യതികളിലായി സ്വരാജ് ഓഡിറ്റോറിയത്തിൽ നടന്നു.

കില മുൻഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ പരിശീലനത്തെ അഭിസംബോധന ചെയ്തു. 319 ഓളം പേരാണ് ഈ പരിശീലനത്തിൽ പങ്കെടുത്തത്.

ആരോഗ്യ ഗ്രാമം പരിശീലക പരിശീലനം ഉദ്ഘാടനം ചെയ്ത് കില മുൻ ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു.

മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാല നടത്തി

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം-ഗുണമേന്മയുള്ള വിദ്യാഭ്യസം എന്ന പരിശീലനത്തിന്റെ മോഡ്യൂൾ തയ്യാറാക്കലിന്റെ ദ്വിദിന ശിൽപ്പശാല കിലയിൽ നടത്തി.

കില മുൻ ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ നേതൃത്വം നൽകി.

ജൂൺ 10,11 തീയതികളിലായിരുന്നു കില ആസ്ഥാനത്ത് ശിൽപ്പശാല സംഘടിപ്പിച്ചത്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വത്കരണം-ഗുണമേന്മയുള്ള വിദ്യാഭ്യാസം പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാലയെ അഭിസംബോധന ചെയ്ത് കില മുൻ ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു.

ലക്ചറർ ഡോ.എസ്.വിനോദ്, ലക്ചറർ വിനോദ് കുമാർ.സി, റിസോഴ്സ് പെഴ്സൺ ഇ.വി. പദ്മനാഭൻ തുടങ്ങിയവർ ഉൾപ്പെടെ കിലയിലെ റിസോർസ് പെർസന്മാർ, ആർജിഎസ്എ-തീമാറ്റിക് എക്സ്പെർട്സ് അടക്കം 25ഓളം പേരായിരുന്നു മാഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാലയുടെ ഭാഗമായത്.

കില ജീവനക്കാരുടെ യോഗ ദിനാചരണം ശ്രദ്ധേയം

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് കിലയുടെ വിവിധ കേന്ദ്രങ്ങളിൽ യോഗദിനാചരണം സംഘടിപ്പിച്ചു. കൊട്ടാരക്കര കില-സിഎസ്ഇഡിയിൽ നടന്ന യോഗദിനാചരണത്തിന് പ്രിൻസിപ്പൽ അയന പി.എൻ നേതൃത്വം നൽകി.

യോഗ അധ്യാപകനായ മനോജ്.ബിയാണ് യോഗ അഭ്യസിപ്പിച്ചത്.

ലക്ചറർ ജൂന.എൽ. പോൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, ഇടിസി ജീവനക്കാർ എന്നിവർ പരിപാടിയുടെ ഭാഗമായി. തളിപ്പറമ്പ് കില സെന്ററിലും വിപുലമായ ചടങ്ങുകളോടെ യോഗദിനാചരണം സംഘടിപ്പിച്ചു.

സെന്റർ പ്രിൻസിപ്പൽ രാജീവ്.പി.എം ഉദ്ഘാടനം നിർവ്വഹിച്ചു. യോഗയുടെ പ്രാധാന്യവും, യോഗ ചെയ്യേണ്ട ആവശ്യകതയെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

ലക്ചറർ ഡി.സിന്ധു അധ്യക്ഷയായി. സജീവ് ജെ.എസ് സ്വാഗതം പറഞ്ഞു.

ലക്ചർമാരായ ലിജി എ. ജെ, പുഷ്പ പി, ശിവ പ്രസാദ് കെ, വിനയ. കെ. ഷെരീഫ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

യോഗ അധ്യാപകൻ സുരേന്ദ്രനാഥ് യോഗ പരിശീലിപ്പിച്ചു.

കിലയുടെ മണ്ണുത്തി സിജിജി സെന്ററിൽ നടന്ന യോഗദിനാചരണത്തിന് യോഗാചാര്യൻ സതീശൻ മാങ്കുഴി നേതൃത്വം നൽകി.

കിലയുടെ വിവിധ സെന്ററുകളിൽ നടന്ന യോഗ ദിനാചരണത്തിൽ നിന്ന്.

ബാലസൗഹൃദ ബജറ്റിങ് : പരിശീലക പരിശീലനം

ബാലസൗഹൃദ ബജറ്റിങ് അവസ്ഥാപഠനം,ഡിപിആർ തയ്യാറാക്കൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് കിലയിൽ പരിശീലക പരിശീലനം സംഘടിപ്പിച്ചു.

കില മുൻ ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ പരിശീലനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ജൂൺ 20 മുതൽ 22വരെ മൂന്നുദിവസമായിരുന്നു പരിശീലനം നൽകിയത്.

ബാലസൗഹൃദ ബജറ്റിങ് അവസ്ഥാപഠനം- പരിശീലക പരിശീലനത്തിൽ കില കൺസൾട്ടന്റ് സി.പി. സുനിൽ സംസാരിയ്ക്കുന്നു.

ആദ്യദിനത്തിൽ ബാലസൗഹൃദ സംസ്ഥാനം എന്ന വിഷയത്തിൽ കില റിസർച്ച് അസോസിയേറ്റ് ഹേമചന്ദ്രൻ, ബാലസൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സുസ്ഥിര വികസനവും ബാലസൗഹൃദ ബജറ്റിന്റെ പ്രാധാന്യവും എന്ന വിഷയത്തിൽ കില കൺസൾട്ടന്റ് സുനിൽ സിപി, ബജറ്റിലെ പ്രശ്നങ്ങൾ-കില റിസർച്ച് അസോസിയേറ്റ് ദർശന വി, കുട്ടികളുടെ അവകാശങ്ങൾ-മൊയി വി,ബാലാവകാശ സംരക്ഷണ നിയമങ്ങൾ-ഗോപകുമാർ.എം തുടങ്ങിയവർ ക്ലാസുകളെടുത്തു.

ബാലസൗഹൃദ ആസൂത്രണ പ്രക്രിയയും-സംയോജന സാധ്യതകളും- കില കൺസൾട്ടന്റ് ആർ. രേണുകുമാർ, ബാലസൗഹൃദ ബജറ്റ് തയ്യാറാക്കൽ - കെ.ജി.ബഷീർ, ബജറ്റ് വെറ്റിങ് അവതരണം- കില റിസർച്ച് അസോസിയേറ്റ് എലിസബത്ത് തുടങ്ങിയവരും അവതരിപ്പിക്കുകയുണ്ടായി.

കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി: കിലയുമായി കൈകോർത്ത് മുരിയാട് ഗ്രാമപഞ്ചായത്ത്

കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയ്ക്കായി മുരിയാട് ഗ്രാമപഞ്ചായത്ത് കിലയുമായി കൈകോർക്കുന്നു. ഇതോടനുബന്ധിച്ച് കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി പ്രവർത്തനം സംബന്ധിച്ചുള്ള പ്രഥമ ചർച്ചാ യോഗം മുരിയാട് ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്നു.

പഞ്ചായത്ത് പ്രസിഡന്റ് ജോസ്.ടി.ചിറ്റിലപ്പള്ളി അധ്യക്ഷത വഹിച്ചു. ഡിസാസ്റ്റർ മാനെജ്മെന്റ് എക്സ്പെർട്ട് ഡോ.എസ്.ശ്രീകുമാർ, കില അസിസ്റ്റന്റ് പ്രൊഫ.ഡോ.മോനിഷ് ജോസ്, ഡോ.രാജ്കുമാർ, മറ്റ് പഞ്ചായത്ത് അംഗങ്ങൾ,ജീവനക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

കാലാവസ്ഥാ വ്യതിയാനത്തോടനുബന്ധിച്ച് ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ പ്രതിരോധിക്കാനാണ് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കാൻ മുരിയാട് ഗ്രാമപഞ്ചായത്ത് കിലയുമായി ധാരണയിലെത്തിയത്. ഇതോടെ കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയൊരുക്കുന്ന തൃശൂർ ജില്ലയിലെ പ്രഥമ പഞ്ചായത്താവുകയാണ് മുരിയാട്.

കിലയുടെ സഹകണത്തോടെ വാർഡ് തോറുമുള്ള ഡാറ്റാ ശേഖരണത്തിലൂടെ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ ആഘാതങ്ങളെ കുറിച്ച് പഠിക്കുന്നതാണ് ആദ്യഘട്ടം. തുടർന്ന് ഈ പ്രശ്നങ്ങൾ ഏതു രീതിയിലാണ് ഭാവിയിൽ കാർഷിക-പാരിസ്ഥിതിക മേഖലകളെ ബാധിക്കുന്നത് എന്നു മനസ്സിലാക്കുകയും അതിനെ പ്രതിരോധിക്കാനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

ഐഎസ്ഒ സർട്ടിഫിക്കേഷൻ സർവൈലൻസ് ഓഡിറ്റ്

തൃശൂർ കില ആസ്ഥാനത്തിന് ലഭ്യമായ ഐഎസ്ഒ 2000-2015 സർട്ടിഫിക്കേഷന്റെ ഭാഗമായി സർവൈലൻസ് ഓഡിറ്റ് നടന്നു.

ഓഡിറ്റിന് ശേഷം കിലയുടെ സർട്ടിഫിക്കേഷൻ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി. സർട്ടിഫിക്കറ്റ് നിലനിർത്തുന്നതിനായി മികച്ച പ്രകടനമാണ് കില നടത്തുന്നതെന്നായിരുന്നു ഓഡിറ്റിൽ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടത്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ സർവൈലൻസ് ഓഡിറ്റിൽ പങ്കെടുക്കാനെത്തിയവർ

ബാലബാലികാ-മഹിളാ സഭ പരിശീലക പരിശീലനം

കിലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബാല-ബാലികാസഭ,മഹിളാ സഭ പരിശീലക പരിശീലനം കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ. കെ.പി.എൻ. അമൃത ഉദ്ഘാടനം ചെയ്തു.

കുടുംബശ്രീ പ്രവർത്തകർക്കായാണ് പരിശീലനം സംഘടിപ്പിച്ചത്.

ആദ്യദിനം മഹിളാസഭയുടെ പ്രസക്തി-പ്രാധാന്യം-ഘടന തുടങ്ങിയവയുമായി ബന്ധപ്പെട്ട സംവിധാനങ്ങളെ കുറിച്ചായിരുന്നു ക്ലാസെടുത്തത്.

ജെൻഡർ സുസ്ഥിര ഗ്രാമം- കില ഫാക്വൽറ്റി ഡോ. അമൃതരാജ്, മഹിളാ സഭ-പ്രസക്തിയും പ്രാധാന്യവും- കില കോർഡിനേറ്റർ റിസ്മിയ, സ്ത്രീകളുമായി ബന്ധപ്പെട്ട നിലവിലെ സംവിധാനങ്ങൾ സംബന്ധിച്ച വിശദീകരണം ഡോ.വിനീത.എം, പഞ്ചായത്ത് വികസന സൂചിക - കില റിസർച്ച് അസോസിയേറ്റ് സുകന്യ കെ.യു, ബാല-ബാലികാ സഭ പ്രസക്തി, പ്രാധാന്യം-മോയി.വി, ബാല-ബാലികസഭ ഘടന-ദർശന വി, വൾനറബിലിറ്റി തിരിച്ചറിയലും ഇടപെടൽ സാധ്യതകളും -മനീഷ്.എം, കുട്ടികളും നിയമങ്ങളും-അഡ്വ.അരവിന്ദ്, കുട്ടികളുമായി ബന്ധപ്പെട്ട നിലവിലെ സംവിധാനങ്ങൾ-എൽസബത്ത് മിനു മാത്യൂസ്, മോക്ക് അവതരണം, തയ്യാറെടുപ്പ്-ഹേമചന്ദ്രൻ .ജെ തുടങ്ങിയവരും സംസാരിച്ചു.

മൂന്നാംദിനം മഹിളാസഭ -ബാല ബാലികാസഭാ പരിശീലനാർത്ഥികൾ ഗ്രൂപ്പുകളായിതിരിഞ്ഞ് മോക്ക് അവതരണവും സംഘടിപ്പിച്ചു.

ബാല-ബാലികാ സഭ, മഹിളാസഭാ പരിശീലനത്തിൽ കില റിസർച്ച് അസോസിയേറ്റ് സുകന്യ കെ.യു. ക്ലാസെടുക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം പരിശീലനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായുള്ള ഇന്റർഫേസ് പ്രോഗ്രാമിൽ കില കൺസൾട്ടന്റ് ആർ.ബാലഗംഗാധരൻ ക്ലാസെടുക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം: ഇന്റർഫേസ് പ്രോഗ്രാം നടത്തി

സുസ്ഥിര വികസനലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം ഗുണമേന്മയുള്ള വിദ്യാഭ്യാസപരിശീലനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി ഇന്റർഫേസ് പ്രോഗ്രാം സംഘടിപ്പിച്ചു.

കിലയുടെ മുളങ്കുന്നത്തുകാവിലെ ആസ്ഥാനത്തു വെച്ചായിരുന്നു പരിപാടി സംഘടിപ്പിച്ചത്. തൃശൂർ ശ്രീ. സി അച്യുതമേനോൻ ഗവമെന്റ് കോളേജ് വിദ്യാർത്ഥികളാണ് പരിപാടിയുടെ ഭാഗമായത്.

ജൂൺ 10,11 തിയ്യതികളിലായിരുന്നു ദ്വിദിന ഇന്റർഫേസ് പ്രോഗ്രാം. കിലയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവിധ സെഷനുകളായിരുന്നു പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ചിരുന്നത്.

50ഓളം വിദ്യാർത്ഥികൾ ക്ലാസിൽ സംബന്ധിച്ചു. കിലയുടെ ഏഴോളം ഫാക്വൽറ്റിമാർ വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികളുമായി സംവദിച്ചു.

കില ഡയറക്റ്റർ ജനറലായി ചുമതലയേറ്റ എ.നിസാമുദ്ദീൻ ഐഎഎസിനെ കില ജീവനക്കാർ സ്വീകരിച്ചപ്പോൾ.

ആന്ധ്രപ്രദേശിലെ ഉദ്യോഗസ്ഥ സംഘം കില സന്ദർശിച്ചു

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പ്രകാരം ആസൂത്രണം ചെയ്ത വാർഷിക പദ്ധതികളെ കുറിച്ച് പഠിക്കാനും അറിയാനുമായി ആന്ധ്ര പ്രദേശിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം കില സന്ദർശനം നടത്തി. ആന്ധ്ര പ്രദേശിലെ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം-രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പ്രകാരമുള്ള പരിശീലന രീതി ആസൂത്രണം എന്നിവ മെച്ചപ്പെടുത്തുക എന്നതായിരുന്നു ഉദ്യോഗസ്ഥ സംഘത്തിന്റെ പഠനയാത്രയുടെ ലക്ഷ്യം. മെയ് 28 മുതൽ 31വരെയായിരുന്നു മൂന്നു പേരടങ്ങിയ സംഘം സന്ദർശനത്തിനെത്തിയത്. ആന്ധ്രപ്രദേശിലെ ആർജി എസ്എ സ്റ്റേറ്റ് പ്രൊജക്റ്റ് കോർഡിനേറ്റർ ശ്രീനാഥ് നൈനി, സ്റ്റേറ്റ് പ്രോഗ്രാം മാനെജർ വിനോദ്കുമാർ നൂലു,ജില്ലാ പ്രോഗ്രാം മാനെജൻ കെ.ഹരി ബാബു തുടങ്ങിയവരാണ് മൂന്നുദിവസത്തെ സന്ദർശനത്തിനായി കിലയിലെത്തിയത്.



ആന്ധ്രയിൽ നിന്നെത്തിയ ഉദ്യോഗസ്ഥ സംഘം കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമണുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ.

ബാലസൗഹൃദ ബജറ്റിങ്ങും ആസൂത്രണവും പരിശീലനം

ബാല സൗഹൃദ ബജറ്റിങ്ങും ആസൂത്രണവും സംബന്ധിച്ച ത്രിദിന പരിശീലനത്തിന് കിലവേദിയായി. ബാലസൗഹൃദ സംസ്ഥാനം എന്ന വിഷയത്തിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സിഇഒ മദൻ മോഹൻ, ബാലസൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സുസ്ഥിര വികസനവും എന്ന വിഷയത്തിൽ കില റിസർച്ച് അസോസിയേറ്റ് സുകന്യ കെ.യു, പൊതു ബജറ്റും ബാലസൗഹൃജ ബജറ്റിങ്ങും സുനിൽ സി.പി, കുട്ടികളുടെ അവകാശങ്ങൾ - മോയി.വി, ജെൻഡറും ബാലസൗഹൃദവും -കില ഫാക്കൽറ്റി അമൃതരാജ് ആർ.എം എന്നിവർ ക്ലാസുകൾ എടുത്തു. രണ്ടാംദിനം ബാലാവകാശ സംരക്ഷണത്തെ കുറിച്ച് ആർ.രേണുകുമാർ, നിയമം- അഡ്വ.അരവിന്ദ് എന്നിവരും ബാലസൗഹൃദ ബജറ്റിങ് തയ്യാറാക്കൽ കെ.ജി.ബഷീറും ക്ലാസുകൾ നൽകി.

ബാലസൗഹൃദ ബജറ്റിങ്ങിൽ മൂന്നാം ദിനം മനോജ് കെ, ബാലസൗഹൃദ ബജറ്റിങ് കർമ്മ പദ്ധതി തയ്യാറാക്കൽ ദർശന.വിയും അവതരിപ്പിച്ചു.

ജൂൺ 27-29 തിയ്യതികളിലായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ 14 ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

പഞ്ചായത്ത് പ്രസിഡന്റുമാർ,ക്ഷേമകാര്യ-വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി പ്രതിനിധികൾ,ഐസിഡിഎസ് സൂപ്പർവൈസർമാർ, സിഡബ്ല്യുഎഫ് അംഗങ്ങൾ,അക്കൗണ്ടന്റുമാർ,കില റിസോഴ്സ് പെഴ്സൺസ്,തീമാറ്റിക് എക്സ്പെർട്സ് തുടങ്ങിയവരായിരുന്നു പരിശീലനത്തിൽ പങ്കെടുത്തത്.

ബാലസൗഹൃദ ബജറ്റിങ്ങും ആസൂത്രണവും സംബന്ധിച്ച ത്രിദിന പരിശീലനത്തിൽ നിന്ന്.

വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ (OLOI) പ്രോജക്റ്റിന്റെ ഭാഗമായി ജൂൺ 20ന് മുംബൈ ഐഐടിയിൽ നിന്നുള്ള ഡോ.അനുജ് കുമാർ ഢോർപഡെ (സഹ സ്ഥാപകൻ - സി.ഇ.ഒ., അജീവം വാട്ടർ),അമോൽ ബല്ലാൽ (സീനിയർ എഞ്ചിനീയർ, അജീവം വാട്ടർ പ്രൈവറ്റ് ലിമിറ്റഡ്) എന്നിവർ ടാഗ്സ് ഫോറം ടീം പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിനുള്ള ഫീൽഡ് പഠനത്തിനായി തൃശൂർ എസ്എൻപുരം പഞ്ചായത്തിൽ ഫീൽഡ് വിസിറ്റിനെത്തിയപ്പോൾ.

ജെൻഡർ റിസോഴ്സ് സെന്റർ അംഗങ്ങൾക്ക് പരിശീലനം

ജെൻഡർ റിസോഴ്സ് സെന്റർ അംഗങ്ങൾക്കുള്ള ത്രിദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു.

കില അസിസ്റ്റന്റ് ഡയറക്റ്റർ (പരിശീലനം) ഡോ. കെ.പി.എൻ. അമൃത പരിശീലനം ഉദ്ഘാടനം ചെയ്തു. ജൂൺ 24,25,26 തിയ്യതികളിലായാണ് കില ആസ്ഥാനത്ത് പരിശീലനം നടത്തിയത്.

തൃശൂർ,മലപ്പുറം,പാലക്കാട് ജില്ലകളിൽ നിന്നുള്ള ഗ്രാമപഞ്ചായത്തുകളിലെ പ്രതിനിധികളായിരുന്നു ഈ പരിശീലനത്തിൽ പങ്കെടുത്തത്.

തദ്ദേശ സ്ഥാപനതലത്തിലുള്ള എല്ലാ പ്രവർത്തനങ്ങളെയും ലിംഗ പദവി അവബോധത്തോടുകൂടി ഉള്ളതാക്കുക എന്ന ലക്ഷ്യലേക്കുള്ള വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ജെൻഡർ റിസോഴ്സ് സെന്റർ അംഗങ്ങൾക്കാണ് പരിശീലനം നൽകിയത്.



മുളങ്കുന്നത്തുകാവ് കില ആസ്ഥാനത്ത് സംഘടിപ്പിച്ച ജെൻഡർ റിസോഴ്സ് സെന്റർ പരിശീലനം ഉദ്ഘാടനം ചെയ്ത് കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.കെ.പി.എൻ. അമൃത സംസാരിക്കുന്നു.

കാസർകോഡ് – കണ്ണൂർ ജില്ലാ പഞ്ചായത്തുകളിൽ കൂടി കില റിസോഴ്സ് സെന്ററുകൾക്ക് തുടക്കം

കാസർകോട്-കണ്ണൂർ ജില്ലാ പഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററുകൾ പ്രവർത്തനം തുടങ്ങി. കാസർകോഡ് ജില്ലാ ജില്ലാ പഞ്ചായത്തിലെ റിസോഴ്സ് സെന്റർ ഉദ്ഘാടനം കില മുൻ ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ നിർവ്വഹിച്ചു.

കാസർകോഡ് ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ ഉദ്ഘാടനം മുൻ കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ നിർവ്വഹിച്ചപ്പോൾ.

ജൂൺ 21ന് കാഞ്ഞങ്ങാട് മഹാകവി പി സ്മാരക മന്ദിരത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൻ കെ.വി. സുജാത അധ്യക്ഷയായി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി ബാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. പരിശീലന കേന്ദ്രമെന്ന നിലയിൽ മാത്രമല്ല വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർക്കും സഹായ കേന്ദ്രമായി ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ പ്രവർത്തിക്കുമെന്ന് ഡോ.ജോയ് ഇളമൺ പറഞ്ഞു.

രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതി പ്രകാരം കിലയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും തുടക്കം കുറിച്ച ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കാസർകോഡ് ജില്ലാ പഞ്ചായത്തിലും ഡിപിആർസി തുടങ്ങിയത്. ഉദ്ഘാടന ചടങ്ങിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. മണികണ്ഠൻ പള്ളിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കുമാരൻ, അജാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം. ശോഭ, നവകേരള മിഷൻ ജില്ലാ കോർഡിനേറ്റർ കെ.ബാലകൃഷ്ണൻ, കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്റർ ടി.ടി.സുരേന്ദ്രൻ, തദ്ദേശ സ്വയം ഭരണ വകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസർ കെ.അഭിലാഷ്, പി. സ്മാരക സമിതി പ്രസിഡന്റ് പി.മുരളീധരൻ എന്നിവർ സംസാരിച്ചു.

ജനകീയാസൂത്രണം ഫെസിലിറ്റേറ്റർ അജയൻ പനയാൽ സ്വാഗതവും രാധിക നന്ദിയും പറഞ്ഞു.

ജൂൺ28ന് നടന്ന ചടങ്ങിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദിവ്യ നിർവ്വഹിച്ചു.

കണ്ണൂർ ബിഎസ്എൻഎൽ ഭവനിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി സി. എം.കൃഷ്ണൻ അധ്യക്ഷനായി. കില മുൻ ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രത്നകുമാരി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.പ്രമീള, നാറത്ത് പഞ്ചായത്ത് പ്രസിഡന്റ് കെ.രമേശൻ, ജില്ലാ പ്ലാനിങ് ഓഫീസർ നിനോജ് മേപ്പടിയത്ത്, കുടുംബശ്രീ ജില്ലാകോർഡിനേറ്റർ ഡോ: എം.സുർജിത്, ബിഎസ്എൻഎൽജിഎം, യു.കെ. രാജേഷ്, കില ജില്ലാ ഫെസിലിറ്റേറ്റർ പി.വി രത്നാകരൻ,ആർജിഎസ്എ ജില്ലാ കോർഡിനേറ്റർ കെ.ശ്രുതി എന്നിവർ സംസാരിച്ചു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡിപിആർസി ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദിവ്യ നിർവ്വഹിച്ചപ്പോൾ.

ജിസും കിലയും ചേർന്ന് സംയുക്ത പരിശീലനം നൽകി

അന്തർദേശീയതലത്തിൽ സുസ്ഥിരവികസന പദ്ധതികൾക്ക് പിന്തുണ നൽകുന്ന ജർമ്മൻ സർക്കാരിന്റെ പദ്ധതിയായ ജിസ് (GiZ) ഉം കിലയും സംയുക്തമായി ബയോഡീഗ്രേഡബിൾ വേസ്റ്റ് പരിശീലനത്തിന് തുടക്കമിട്ടു.

തൃശൂരിലെ കില ആസ്ഥാനത്ത് നടന്ന ത്രിദിന പരിശീലനപരിപാടിയിൽ ശുചിത്വമിഷൻ ഇഡി യു.വി. ജോസ് ഐഎഎസ് മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. കില മുൻഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, ജിസ്പദ്ധതി തലവൻ സെബാസ്റ്റിൻ മക്കാർട്ട്, കില അർബൻ ചെയർപ്രൊഫസർ ഡോ. അജിത് കാളിയത്ത് തുടങ്ങിയവർ സംസാരിച്ചു.

സിറ്റീസ് കോംബാറ്റിങ് പ്ലാസ്റ്റിക് എന്ററിങ് മറൈൻ എൻവയോമെന്റ് (സിസിപി-എംഇ) പ്രോഗ്രാമിന് കീഴിലുള്ള സംരംഭമാണ് ഈ വിദഗ്ധ പരിശീലനം. യു.വി ജോസ് നവകേരളമിഷൻ ലക്ഷ്യമാക്കിയുള്ള സംരംഭങ്ങൾ വിശദീകരിച്ചു.

മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യത്തിനായി എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സുസ്ഥിര മാലിന്യ സംസ്കരണത്തിലും സർക്കുലർ സമ്പദ്വ്യവസ്ഥയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കിലയുടെ പ്രതിബദ്ധതയെക്കുറിച്ച് കില ഡയറക്റ്റർ ജനറൽ ഡോ. ഇളമൺ പറഞ്ഞു.

കില അർബൻ ചെയർപ്രൊഫസർ ഡോ.അജിത് കാളിയത്ത് ജൈവ മാലിന്യ സംസ്കരണവുമായി യോജിപ്പിച്ച് പ്രവർത്തിക്കുന്ന ആശയങ്ങൾ ചർച്ച ചെയ്തു.ശുചിത്വവിദഗ്ധൻ രാജീവ് രാമൻ എയ്റോബിക് രീതികളും നൂതനമായ വേർമി കമ്പോസ്റ്റിംഗും ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളെ കുറിച്ച് ക്ലാസെടുത്തു. ഇന്ത്യൻ കേസ് പഠനങ്ങളെ ഉദ്ധരിച്ച് സൈകോം പ്രോജക്റ്റുകളിൽ നിന്നുള്ള പ്രദീപ്ദൽദാനി ബയോഗ്യാസ് ഉൽപ്പാദനവും വായുരഹിത ദഹനസാങ്കേതികവിദ്യകളെ കുറിച്ചും ക്ലാസെടുത്തു. അർബൻ പ്ലാനിങ് ആന്റ് ഡിസൈനിങ് കൺസൾട്ടന്റ് ആന്റണി അഗസ്റ്റിൻ ഡിസൈനുകളുടെ സംയോജനത്തിന്റെ ആവശ്യകത സംബന്ധിച്ചും കിലയുടെ വിവിധ ഡിസൈൻ സംരംഭങ്ങളെകുറിച്ചും ക്ലാസെടുത്തു. സുസ്ഥിരമാലിന്യ സംസ്കരണത്തിന് പരീക്ഷണാത്മകമായ പുതിയചുവടുകളിലേക്ക് കടക്കാനുള്ള പ്രാഥമികഘട്ടം പൂർത്തിയാക്കുകയെന്ന വിജയകരമായ ചുവടുവെയ്പ്പായിരുന്നു ഇത്.

കിലയും ജിസും സംയുക്തമായി സംഘടിപ്പിച്ച ബയോഡീഗ്രേഡബിൾ വേസ്റ്റ് പരിശീലനത്തിൽ നിന്ന്. കില മുൻ ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ, ശുചിത്വ മിഷൻ ഇഡി യു.വി. ജോസ് ഐഎഎസ്, ജിസ് പദ്ധതി തലവൻ സെബാസ്റ്റിൻ മക്കാർട്ട്, കില അർബൻ ചെയർ പ്രൊഫസർ അജിത് കാളിയത്ത് (പിന്നിൽ) തുടങ്ങിയവർ.

KILA News Letter Published by Dr. Joy Elamon, Director General, Kerala Institute of Local Administration, Mulamkunnathukavu(P.O), Thrissur-680 581 (for Private Circulation)

കിലയുടെ പ്രസിദ്ധീകരണ വിഭാഗത്തിനുമുണ്ടൊരു കഥ പറയാൻ....

സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയം ഭരണാധികാരമുള്ള സ്ഥാപനമാണ് കില. തദ്ദേശ സ്ഥാപന ജീവനക്കാരുടെയും ജനകീയാസൂത്രണ പ്രവർത്തകരുടെയും പരിശീലനം മുതൽ ഗവേഷണം വരെയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് അരങ്ങൊരുക്കുന്ന ഏജൻസി എന്നനിലയിൽ മാത്രമല്ല, സർക്കാരിന്റെ നയ രൂപീകരണ പ്രവർത്തനങ്ങളുടെ വരെ ഭാഗമെന്ന നിലയിലും കില ശ്രദ്ധേയമാണ്.

പ്രവർത്തന വൈവിധ്യം കൊണ്ട് വിസ്മയിപ്പിക്കുന്ന കില ഓരോ ദിവസവും നൂറുമുതൽ ആയിരം വരെ പരിശീലനാർത്ഥികൾക്കാണ് ആതിഥ്യമരുളുന്നത്.

ഈ പരിശീലനങ്ങൾക്കും പരിപാടികൾക്കുമെല്ലാം ഒഴിച്ചു കൂടാനാവാത്ത ചിലതുണ്ട്..നോട്ട് പാഡുകൾ, പേനകൾ ബാഗുകൾ എന്നിവയാണ് അവ. പ്രതിവർഷം പതിനായിരങ്ങൾക്കുള്ള പരിശീലനങ്ങൾക്ക് വേദിയാവുന്ന കിലയുടെ തൃശൂർ മുളങ്കുത്തുകാവിലുള്ള ആസ്ഥാനത്തെ സ്വന്തം പ്രസിദ്ധീകരണ വിഭാഗത്തിൽ നിന്നാണ് ഇവയെല്ലാം വിതരണം ചെയ്യുന്നത്.

കില ആസ്ഥാനത്തെ പബ്ലിക്കേഷൻ ഡിവിഷന് ഉൾവശം, ജീവനക്കാരായ സന്തോഷ് ടി.എ.(വലത്),അബ്ദുൾ റഷീദ് യു.കെ എന്നിവർ നിൽക്കുന്നു.

പേനകളും, പേപ്പറും, ഓഫീസ് ആവശ്യങ്ങൾക്കുള്ള സ്റ്റേഷനറികളും ട്രെയ്നിങ് ബാഗുകളും,കൈപ്പുസ്തകങ്ങളും മുതൽ വിവിധ സർക്കാർ ഉത്തരവുകളുടെ പ്രിന്റ് ചെയ്ത കൈപ്പുസ്തകങ്ങൾ വരെ നീളുന്ന സമഗ്രമായ സേവനങ്ങളുടെ ഇടംകൂടിയാണിത്.

കിലയുടെ ആസ്ഥാനത്തേക്ക് മാത്രമല്ല വിവിധ ജില്ലകളിലായുള്ള കിലയുടെ സെന്ററുകളിലും, കിലയുടെ സമഗ്ര പരിശീലന പരിപാടികൾക്കും വേണ്ട മെറ്റീരിയലുകളുടെ വിതരണവും ഈ വിഭാഗത്തിൽ നിന്നാണ് നിർവഹിക്കുന്നത്.

പാലക്കാട് ജില്ലയിലെ പ്രസ്സിൽ നിന്നാണ് പുസ്തകങ്ങളുടെ പ്രിന്റിങ് നിർവഹിയ്ക്കുന്നത്.

പരിശീലന കാലയളവനുസരിച്ച് രണ്ടു തരത്തിലുള്ള നോട്ട്പാഡുകൾ നീലയും വെള്ളയും കലർന്ന നിറത്തിൽ കിലയുടെ സ്വന്തം ലോഗോയും ചിത്രങ്ങളായി മനോഹരമായി പ്രിന്റ് ചെയ്തവയാണ്. ബാഗുകളുടെ കാര്യം പറയുകയാണെങ്കിലുമുണ്ട് ചില പ്രത്യേകതകൾ. സ്വന്തമായി നിർമ്മിച്ച കൈത്തറി തുണികൾ ഉപയോഗിച്ചാണ് നിർമ്മാതാക്കൾ കിലയുടെ ബാഗുകൾ തയ്യാറാക്കുന്നത്.

പ്രകൃതിക്കു തികച്ചും ഹാനികരമല്ലാത്തതും വളരെ മനോഹരവുമായ ബാഗുകളാണ് ഇവ. കണ്ണൂരിൽ നിന്നുള്ള നിർമ്മാണ യൂണിറ്റാണ് കിലയുടെ ബാഗുകളുടെ നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്നത്. തയ്യാറാക്കി ഉണ്ടാക്കേണ്ടവ ആയതിനാൽ തന്നെ ബാഗുകൾ മുൻകൂട്ടി ഓർഡർ ചെയ്യേണ്ടതുണ്ട്.

ബാഗുകളും പുസ്തകങ്ങളും കഴിഞ്ഞാൽ പിന്നെ പേനകൾക്കുമുണ്ടൊരു കഥ പറയാൻ.. നിരാലംബർക്കു വേണ്ടി കിലയൊരുക്കുന്ന ഒരു കുഞ്ഞുകരുതലിന്റെ കഥ !

കാരണം കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ളവരാണ് ഈ പലവർണ്ണ കടലാസ് പേനകളുടെ സൃഷ്ടാക്കൾ.. വിപണിയിൽ നിന്ന് ഇതിലുംവിലക്കുറവിൽ പേനകൾ കിട്ടാഞ്ഞിട്ടല്ല, അതിജീവനത്തിനു ശ്രമിക്കുന്നവർക്ക് നേരെപിടിച്ചു നിൽക്കാനൊരുവിരൽത്തുമ്പു നീട്ടുകയാണ് കില...

ജർമ്മനിയിൽ നിന്നെത്തിയ സന്ദർശകൻ കില ആർട്ട് ഗാലറിയുടെ സന്ദർശന വേളയിൽ ശിൽപ്പി ആർട്ടിസ്റ്റ് എബി.എൻ.ജോസഫ്, ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ എന്നിവരുമായി സംസാരിയ്ക്കുന്നു.

കിലയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ച് ത്രിപുര

സംസ്ഥാനത്തെ ഐഎസ്ഒ 9001 : 2015 ന്റെ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾക്കായി കിലയും ത്രിപുരയുമായി ധാരണാ പത്രം ഒപ്പുവെച്ചു.

ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾക്ക് കൺസൾട്ടന്റായി പ്രവർത്തിക്കാനാണ് ത്രിപുര കിലയുടെ സഹകരണം തേടിയത്.

ജൂൺ 12ന് കില ആസ്ഥാനത്ത് വച്ച് കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത

ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കിലയും ത്രിപുരയും തമ്മിൽ നടന്ന ധാരണാപത്രം ഒപ്പുവെയ്ക്കൽ വേളയിൽ നിന്ന്, കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത കെപിഎൻ, ത്രിപുര പഞ്ചായത്ത് വകുപ്പ് സെക്രട്ടറി-ആർഡി ഡോ. സന്ദീപ് ആർ.റാത്തോഡ് എന്നിവരോടൊപ്പം (ഇടതുനിന്ന്), ഉണ്ണികൃഷ്ണൻ കെ.പി. (കില അസിസ്റ്റന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)), ഡോ.സമിതി റോയ് ചൗധരി (ത്രിപുര-എസ്ഐപിഎആർഡി,രജിസ്ട്രാർ), ത്രിപുര പഞ്ചായത്ത് ഡയറക്ടർ പ്രസൂൺ ഡേ, വിനോദ് .കെ (പെഴ്സണൽ സെക്രട്ടറി ഓഫ് ഡയറക്ടർ ജനറൽ,കില), മിറാഷ്.ഒ.എസ് (കില സിസ്റ്റം അഡ്മിനിസ്ട്രേറ്റർ), ശ്രീരിഷ.കെ (കില, ഐഎസ്ഒ സീനിയർ മാനേജർ) തുടങ്ങിയവർ.

കെ.പി.എൻ, ത്രിപുര സെക്രട്ടറി, ആർഡി (പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ്) ഡോ.സന്ദീപ്. ആർ. റാത്തോഡ് തുടങ്ങിയവരാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

കഴിഞ്ഞ ജൂൺ 12 മുതൽ 14വരെയായിരുന്നു ത്രിപുര സംഘത്തിന്റെ കില സന്ദർശനം.

സന്ദീപ് റാത്തോഡിന്റെ നേതൃത്വത്തിലുള്ള എട്ടംഗ സംഘമാണ് സന്ദർശനത്തിനെത്തിയത്.

ഡോ.സമിതി റോയ് ചൗധരി(എസ്ഐപിഎആർഡി,രജിസ്ട്രാർ), പഞ്ചായത്ത് ഡയറക്ടർ പ്രസൂൺ ഡേ ഉൾപ്പെടെയുള്ളവരും ഉണ്ടായിരുന്നു.

രണ്ടാംദിവസം ഐഎഎസ്ഒ പ്രവർത്തനങ്ങളുടെ ഭാഗമായി അളഗപ്പനഗർ പഞ്ചായത്തും കൊടകര ബ്ലോക്ക് പഞ്ചായത്തും സംഘം സന്ദർശിച്ചു.

മൂന്നാംദിവസം ഫീൽഡ് വിസിറ്റുകളും നടത്തിയ ശേഷമായിരുന്നു ത്രിപുരസംഘം കിലയിൽ നിന്നും മടങ്ങിയത്.